







ICAR

# NEWS LETTER

July - December 2022

Vol. 20 | No.2

LIGHTED TO LIGHTEN

CARD INDIA



## ആരോഗ്യത്തിനായി.. ആയുസ്സിനായി... പ്രകൃതി കൃഷി

ആഗോളതാപനത്തിന്റെയും കാലാവസ്ഥ വ്യതിയാനത്തിന്റെയും പ്രത്യാഘാതങ്ങൾ മനുഷ്യരാശിക്ക് തന്നെ വെല്ലുവിളി ആയിരിക്കുകയാണ്. പ്രകൃതിയിലേക്കുള്ള മടങ്ങിവരവ് ഭൂമിയുടെ നിലനിൽപ്പിന് അനിവാര്യമാണ്. രാസവളങ്ങളുടെയും കീടനാശിനികളുടെയും അനിയന്ത്രിതവും അശാസ്ത്രീയവുമായ ഉപയോഗം പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയെ പ്രതികൂലമാകും വിധം ബാധിച്ചിട്ടുണ്ട്. മനുഷ്യന്റെ ഇത്തരത്തിലുള്ള ഇടപെടലുകൾ ഹരിതഗ്രഹ വാതകങ്ങളുടെ നിർഗമനത്തിലേക്കും തുടർന്ന് ആഗോളതാപനത്തിലേക്ക് ഒക്കെ വഴി തെളിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ലോകരാഷ്ട്രങ്ങൾ ഒറ്റക്കെട്ടായി പ്രകൃതി വിഭവങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകണമെന്ന ആഹ്വാനം ചെയ്തിരിക്കുകയാണ്. അതുകൊണ്ടുതന്നെ പ്രാദേശികമായി ലഭ്യമായ വിഭവങ്ങളെ പരമാവധി ഉപയോഗപ്പെടുത്തി കൊണ്ടുള്ള പ്രകൃതി കൃഷി ആശയങ്ങളുടെ പ്രാധാന്യം ഏറുകയാണ്. പ്രകൃതിയെ സംരക്ഷിച്ചുകൊണ്ട് മണ്ണിന്റെ ജീവാംശം നിലനിർത്തുന്നതിന് ഉതകുന്ന തരത്തിലുള്ള കാർഷിക പ്രവർത്തനങ്ങൾ ആണ് പ്രകൃതി കൃഷിയുടെ അടിസ്ഥാനം. മണ്ണിന്റെ ആരോഗ്യം ശക്തിപ്പെടുത്തി ചെടികളെ ജീവസുറ്റതാക്കി വളർത്തുക എന്നതാണ് പ്രകൃതി കൃഷിയുടെ പ്രഥമ തത്വം. കർഷകർക്ക് സ്വന്തമായി നിർമ്മിക്കാൻ സാധിക്കുന്നതും പ്രാദേശികമായി ലഭ്യമായതുമായ വിഭവങ്ങളുടെ ഉപയോഗം, വിള പരിവർത്തനം, സൂക്ഷ്മജീവികളുടെ എണ്ണം വർദ്ധിപ്പിക്കുക വഴി ജീവാംശവും ആരോഗ്യവും മെച്ചപ്പെടുത്തൽ തുടങ്ങിയവയെല്ലാം പ്രകൃതി കൃഷിയുടെ മറ്റു പ്രധാന തത്വങ്ങളാണ്. കാർഷിക ആവാസ വ്യവസ്ഥ അടിസ്ഥാനമാക്കിയുള്ള ജൈവവൈവിധ്യ സംരക്ഷണം മുൻനിർത്തി കർഷക പിന്തുണയോടു കൂടി പ്രകൃതി കൃഷി മാതൃകകൾ അനുവർത്തിച്ച് ആരോഗ്യവും ആയുസ്സും ഉള്ള നല്ല ഒരു തലമുറയെ നമുക്ക് വാർത്തെടുക്കാം.

## ചക്ക അധിഷ്ഠിത ഉൽപ്പന്നങ്ങളുടെ സ്പെഷ്യൽ തപാൽ കവർ പുറത്തിറക്കി



കെ വി കെ യുടെയും തപാൽ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ചക്ക അധിഷ്ഠിത ഉൽപ്പന്നങ്ങളുടെ സ്പെഷ്യൽ തപാൽ കവർ പുറത്തിറക്കി. കേന്ദ്ര സർക്കാരിന്റെ ആത്മനിർഭർഭാരത് അഭിയാൻ പദ്ധതിയുടെ ഭാഗമായി കേന്ദ്രഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന വൺ ഡിസ്ട്രിക്ട് വൺ പ്രോഡക്റ്റ് പരിപാടിയിൽ പത്തനംതിട്ട ജില്ലയ്ക്കായി തിരഞ്ഞെടുത്ത ഫലമാണ് ചക്ക. ഇതിന്റെ പ്രോത്സാഹനം ലക്ഷ്യമിട്ടുകൊണ്ടാണ് സ്പെഷ്യൽ തപാൽ കവർ പുറത്തിറക്കിയിരിക്കുന്നത്. കാർഡ് ചെയർമാൻ അഭിവന്ദ്യ തോമസ് മാർ തിമഥെയോസ് എപ്പിസ്കോപ്പ ഇതിനോടനുബന്ധിച്ച സമ്മേളനം ഉദ്ഘാടനം ചെയ്തു. ജില്ലയിൽ സുലഭമായി ലഭ്യമായികൊണ്ടിരിക്കുന്നതും മൂല്യം ഇല്ലാതിരുന്നതും ആയ ചക്കയ്ക്ക് സംസ്ഥാന ഫലം എന്ന പദവി ഉൾപ്പെടെ ലഭിക്കുന്നതിന് കൃഷി വിജ്ഞാന കേന്ദ്രം വഹിക്കുന്ന പങ്കിനെപ്പറ്റി ഉദ്ഘാടന പ്രസംഗത്തിൽ തിരുമേനി പറഞ്ഞു. തപാൽ വകുപ്പ് തിരുവനന്തപുരം സർക്കിൾ പോസ്റ്റൽ സർവീസ് ഡയറക്ടർ ശ്രീ. കെ.കെ.ഡേവിഡ് തപാൽ കവർ പുറത്തിറക്കി. കേരള കാർഷിക സർവകലാശാല ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ ഡോ.ജേക്കബ് ജോൺ മുഖ്യ സന്ദേശം നൽകി.

## കേന്ദ്ര കൃഷി സഹമന്ത്രി കൃഷി വിജ്ഞാന കേന്ദ്രം സന്ദർശിച്ചു




പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'കാലാവസ്ഥ വ്യതിയാനത്തിന് അനുസൃതമായ നൂതന കാർഷിക സാങ്കേതിക വിദ്യകൾ' എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ഏകദിന ശില്പശാല കേന്ദ്ര കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് സഹമന്ത്രി സുശ്രീ ശോഭ കരന്ദലജെ ഉദ്ഘാടനം ചെയ്തു. കർഷകരുടെ വരുമാനം ഇരട്ടിയാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പി എം കിസാൻ സമ്മാന നിധി, ആർ കെ വി വൈ, പി എം ഫസൽ ഭീമ യോജന, സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ തുടങ്ങിയ പദ്ധതികൾ കർഷകരും കർഷക ഗ്രൂപ്പുകളും കാര്യക്ഷമമായ രീതിയിൽ പ്രയോജനപ്പെടുത്തണമെന്നും ഉത്പാദന വർദ്ധനവിലൂടെയും സുസ്ഥിരമായ വിപണന സംവിധാനങ്ങൾ മുഖേനയും ഭക്ഷ്യ സംസ്കരണ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിലൂടെയും മൂല്യവർദ്ധനവിന്റെ നൂതന സാധ്യതകൾ ഉപയോഗപ്പെടുത്തിയും കർഷകർക്ക് തങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുവാനും സാധിക്കുമെന്നു മന്ത്രി പറഞ്ഞു. കെ വി കെയിൽ പ്രവർത്തിക്കുന്ന ചക്കയുടെ സംസ്ഥാന വിഭവ കേന്ദ്രവും വിവിധ ലാബുകളും പ്രദർശന യൂണിറ്റുകളും മന്ത്രി സന്ദർശിച്ചു. കാർഡ് ഡയറക്ടർ റവ മോൻസി വർഗീസ് അധ്യക്ഷത വഹിക്കുകയും കേരള കാർഷിക സർവകലാശാല ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ ഡോ.ജയശ്രീ കൃഷ്ണൻകുട്ടി മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു.

# TRAINING HIGHLIGHTS

Krishi Vigyan Kendra organized a total of 71 trainings including online training programmes. During the period a total number of 1610 participants including 42% female benefitted from the training programme.

## Empowerment Through SC Special Programme

KVK organised an exclusive programme for the empowerment of SC community in collaboration with Krishi Bhavan, Aranmula at Eizhikkadu Harijan colony of Aranmula Panchayat in Pathnamathitta district , the second biggest SC settlement area in Kerala state as part of the SC special programme of ICAR-CPCRI, Kasaragod was organised. The programme was inaugurated by Sri. N.S.Kumar, Vice President, Aranmula Garma Panchayat and was presided by Sri. Srini Chandiseeril, Member, Aranmula Panchayat in the presence of Smt. Ashwathy Vinoj, Vice President, Pandalam Block. The Key note address was delivered by Dr. Sindhu Sadanandan, SMS (Ag. Extn) and technical sessions on Vegetable cultivation, Disease management in Dairy were also conducted. During the programme five types of vegetable seeds viz. Yard Long bean (Arka Mangala), Palak ( Arka Anupama), Chilly ( Arka Haritha), Bottle gourd ( Arka Bahar) and Palak ( Arka Samraksha) were distributed to 60 SC members of Ezhikkadu colony.



## തിരഞ്ഞെടുത്ത ക്ലസ്റ്റർ വില്ലേജിലെ കെവികെ യുടെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു

തിരഞ്ഞെടുത്ത ക്ലസ്റ്റർ വില്ലേജിന്റെ വികസനം ലക്ഷ്യമിട്ട് കെവികെയുടെ വരുന്ന മൂന്ന് വർഷങ്ങളിലെ പ്രവർത്തനങ്ങൾക്കായി മല്ലപ്പള്ളി ബ്ലോക്കിൽ പദ്ധതിക്ക് തുടക്കം കുറിച്ചു. നൂതന സാങ്കേതികവിദ്യകളും നവീന ആശയങ്ങളും കർഷകർക്ക് പ്രയോജനപ്രദമാകുന്നവിധം നടപ്പിലാക്കാൻ മല്ലപ്പള്ളി ബ്ലോക്കിലെ 7 പഞ്ചായത്തുകളെ പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ട്. ഓരോ പ്രദേശത്തെയും കാർഷിക മേഖലയിലെ പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും അനുയോജ്യമായ ഇടപെടലുകൾ നടത്തുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ബിന്ദു ചന്ദ്രമോഹൻ പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു. കെവികെ മേധാവി ഡോ.സി.പി റോബർട്ട് മുഖ്യപ്രഭാഷണം നടത്തി. കൃഷിവകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥർ, ആത്മയിലെ പ്രതിനിധികൾ, മല്ലപ്പള്ളി ബ്ലോക്കിലെ ജനപ്രതിനിധികൾ, കർഷകർ തുടങ്ങിയവർ പരിപാടിയിൽ പങ്കുചേർന്നു




## Project Achievement

### വേസ്റ്റ് ഷ്രഡ്ഡറും കമ്പോസ്റ്റ് മിക്സറും സ്ഥാപിച്ചു




കേന്ദ്രസർക്കാരിന്റെ 'ആര്യ' പദ്ധതിയോടനുബന്ധിച്ച് കെവികെ ഫാമിലെ പ്രദർശന യൂണിറ്റുകളുടെ ഭാഗമായി വേസ്റ്റ് ഷ്രഡ്ഡറും കമ്പോസ്റ്റ് മിക്സറും സ്ഥാപിച്ചു. കേരളകാർഷികസർവകലാശാലയിലെ എക്സ്റ്റൻഷൻ വിഭാഗം ഡയറക്ടർ ഡോ. ജയശ്രീ കൃഷ്ണൻകുട്ടി യൂണിറ്റുകൾ ഉദ്ഘാടനം ചെയ്തു. ഒരു മണിക്കൂറിൽ 125 കിലോഗ്രാം ഉണങ്ങിയ അവശിഷ്ടങ്ങൾ കഷ്ണങ്ങളാക്കാൻ കഴിവുള്ള വേസ്റ്റ് ഷ്രഡ്ഡർ ഉപയോഗിച്ച് പോൾട്രി അവശിഷ്ടങ്ങളും മറ്റു കാർഷിക അവശിഷ്ടങ്ങളും യഥേഷ്ടം കമ്പോസ്റ്റ് ആക്കി മാറ്റാവുന്നതാണ്. കമ്പോസ്റ്റ് മിക്സറിന്റെ സഹായത്തോടെ നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിന് ആവശ്യമായ മാധ്യമം തയ്യാറാക്കാനും കമ്പോസ്റ്റ് മിശ്രിതങ്ങൾ തയ്യാറാക്കാനും സാധിക്കും.

## Capacity building programme

Capacity building programme on Jackfruit based value added products were conducted on 21st and 25th November 2022 by the SRC for Jackfruit of KVK. Technology of Jackfruit based pulp products and frozen products from Tender Jackfruit were imparted during the programme. A total of 40 trainees from different parts of the state attended the programme. Pulp based products like squash, RTS, Jelly, Sip-up and Frozen products like burger Patties, Momoos, Cutlet were demonstrated in the practical sessions. In addition to the preparation of products, orientation on various licenses, selection of suitable machineries for the enterprise were also covered.



## Webinar on IoT based smart dairy farming

Data-driven techniques are creating greater opportunities for 'smart dairy farming with the help of sensor devices to keep them aware of the status of every cow in thefarm. In order to create awareness on Smart Dairy farming, KVK organised a one day Webinar on " IOT based Smart Dairy farming" and the seminar was inaugurated by Dr. C.P Robert, Senior Scientist and Head. The lead talk was delivered by Dr. Giggin T, Assistant Professor, Kerala Agricultural University. Dr. Sency Mathew, SMS (Animal Science), Mr. Praveen, , Chief Technical Officer, Brainwired Start up also delivered talks on the topic.

## NATIONAL CAMPAIGN ON POSHAN ABHIYAN



National Campaign on Poshan Abhiyan and Tree Plantation was celebrated on 17th September 2022 at KVK campus in collaboration with IFFCO. The Poshan Abhiyan 2022 programme had highlighted the need for healthy dietary initiatives at local level. The programme was inaugurated by Smt.Sosamma Joseph, Block Panchayath President, Koipuram .Keynote address was delivered by the Dr. C P Robert, Senior Scientist and Head. In his address, he stressed on the importance of local level measures to improve nutritional status of adolescent girls, pregnant women, lactating mothers and children from 0-6 year's age. Tree planting campaign was also organized and during the occasion 100 fruit saplings and 100 seed packets were distributed. Training sessions on Nutri garden, bio-fortified crop varieties, Nutri-Cereals and their role on human health was specially arranged for ICDS beneficiaries of Koipuram block.

## "VEROTTAM"-A technology booster for farming community




KVK in collaboration with Malayala Manorama the leading news paper in Kerala has brought out an exclusive column named "Verottam" meaning "Root runners" on every Sunday covering entire Pathanamthitta dist. The Column cover successful technologies identified by KVK for the district based on the Technology assessment and Front line Demonstrations that are suitable to the situation of the district .the 1st column appeared on 23rd Oct 2023.The reach included 1.65 lakhs families covering over 40 percent population of the district . On every Sunday technologies and present issues encountered by the farmers are addressed which also includes reply to queries raised by the farmers.

## കിസാൻ സമ്മാൻ ദിനാചരണവും പ്രകൃതി കൃഷി ബോധവൽക്കരണ പരിപാടിയും



യശ്ശശരീരനായ മുൻ പ്രധാനമന്ത്രി ചൗധരി ചരൺ സിംഗിന്റെ ജന്മ വാർഷിക ദിനമായ ഡിസംബർ 23ന് ദേശീയ കർഷക ദിനമായി ഭാരതത്തിൽ ഉടനീളം കൃഷി വിജ്ഞാന കേന്ദ്രങ്ങളിൽ വച്ച് കർഷകദിനവും പ്രകൃതി കൃഷിയുടെ ബോധവൽക്കരണ പരിപാടിയും നടത്തപ്പെടുകയുണ്ടായി. ഇതിനോട് അനുബന്ധിച്ച് കെവികെയുടെ ആഭിമുഖ്യത്തിൽ എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ജിജി പി.എബ്രഹാമിന്റെ അധ്യക്ഷതയിൽ നടന്ന പരിപാടി കോയിപ്പുറം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ ഉണ്ണി പ്ലാച്ചേരി ഉദ്ഘാടനം ചെയ്തു.കെ വി കെ യുടെ മേധാവി ഡോ. സിപി റോബർട്ട് മുഖ്യസന്ദേശവും ഭാരത സർക്കാരിന്റെയും കേരള സർക്കാരിന്റെയും വിവിധ കാർഷിക പദ്ധതികളെ കുറിച്ച് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ (ക്രെഡിറ്റ്) ശ്രീ.ലൂയിസ് മാത്യു അവതരിപ്പിച്ചു. ഇതോടൊപ്പം ഭാരത് സർക്കാരിന്റെ പ്രകൃതി കൃഷിയുടെ ജില്ലാതല ബോധവൽക്കരണ പരിപാടി തുടക്കം കുറിച്ചു. ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ പ്രകൃതി കൃഷിയുടെ മുൻനിര പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതോടൊപ്പം വിവിധ ബ്ലോക്കുകളിൽ പരിശീലന പരിപാടികളും പ്രദർശനവും നടത്താൻ പദ്ധതി ലക്ഷ്യമിടുന്നു. പ്രകൃതി കൃഷി വിദഗ്ധനായ ശ്രീ ഓമനകുമാർ പരിശീലനത്തിന് നേതൃത്വം നൽകുകയും ഉൽപ്പന്ന ഉപാധികളുടെ നിർമ്മാണ രീതികൾ കർഷകർക്കായി അവതരിപ്പിക്കുകയും ചെയ്തു.

## ക്ഷീരമേഖലയുടെ പുരോഗതി ലക്ഷ്യമിട്ടുകൊണ്ട് സ്മാർട്ട് ആശയങ്ങൾ

സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ സ്മാർട്ട് ആശയങ്ങൾ ഉപയോഗപ്പെടുത്തി ക്ഷീരകർഷകർ നേരിടുന്ന വെല്ലുവിളികൾക്ക് ഒരു പരിഹാരം കണ്ടെത്തിയിരിക്കുകയാണ് ബ്രെയിൻ വയേഡ് ഇന്നവേഷൻ എന്ന അഗ്രി സ്റ്റാർട്ട് കമ്പനി. എൻജിനീയർമാരായ യുവ സംരംഭകരാണ് വിസ്റ്റോക്ക് എന്ന ചിപ്പും ആപ്പും അടങ്ങുന്ന ഈ സ്മാർട്ട് സംവിധാനം വികസിപ്പിച്ചെടുത്തത്. നിരന്തര നിരീക്ഷണ സംവിധാനമായ ഇന്റർനെറ്റ് ഓഫ് തിംഗ് (ഐ ഒ ടി) അടിസ്ഥാനമാക്കിയുള്ള മൈക്രോ ചിപ്പും വിവരങ്ങൾ കൈമാറുന്നതിന് ആവശ്യമായ സംവിധാനവുമാണ് (റീഡർ) ഇതിന്റെ പ്രധാന ഭാഗങ്ങൾ. പശുവിന്റെ ചെവിയിൽ ഘടിപ്പിക്കാവുന്ന ലളിതമായ ഈ സംവിധാനം മുഖേന ശേഖരിക്കുന്ന വിവരങ്ങൾ വിശകലനത്തിനുശേഷം കർഷകരുടെ മൊബൈൽ ഫോണിലെ വിസ്റ്റോക്ക് ആപ്പിലേക്ക് എത്തും. ഓരോ പശുവിന്റെയും ആരോഗ്യത്തെ സംബന്ധിച്ചും മറ്റും ആവശ്യമായ രേഖകൾ കർഷകന് സൂക്ഷിക്കാവുന്നതാണ്. മനുഷ്യന് കണ്ടെത്താനാകാത്ത നിസ്സാരമായ മാറ്റങ്ങൾ പോലും തിരിച്ചറിഞ്ഞ് കർഷകന് യഥാസമയം സന്ദേശം കൊടുക്കാൻ സാധിക്കുന്നു. ആയതിനാൽ അത്യാവശ്യം സന്ദർഭങ്ങളിൽ മൃഗഡോക്ടറുടെ സേവനം ഉറപ്പുവരുത്താൻ സാധിക്കും. കേരള കാർഷിക സർവകലാശാലയുടെ അഗ്രി ബിസിനസ് ഇൻകുബേറ്ററിന്റെ സഹായത്തോടുകൂടിയാണ് യുവ സംരംഭകർ ഈ സ്മാർട്ട് ആശയം വികസിപ്പിച്ചെടുത്തത്. കെ വി കെ യുടെ ആഭിമുഖ്യത്തിൽ ശ്രീ.അജയകുമാർ വല്ല്യോഴത്തിലിന്റെ ഉടമസ്ഥതയിൽ പുല്ലാട് പ്രവർത്തിക്കുന്ന അമൃതധാര ഗോശാലയിൽ സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ സ്മാർട്ട് ഡയറി ഫാമിംഗ് പരീക്ഷണ അടിസ്ഥാനത്തിൽ നടപ്പിലാക്കുകയാണ്. കൃഷി വിജ്ഞാന കേന്ദ്രം മേധാവിയും സീനിയർ സയന്റിസ്റ്റുമായ ഡോ. സി.പി. റോബർട്ടിന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ പദ്ധതിയുടെ ഉദ്ഘാടനം കേരള കാർഷിക സർവകലാശാല ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ, ഡോ. ജേക്കബ് ജോൺ നിർവഹിച്ചു.





ICAR-Krishi Vigyan Kendra, CARD, Kolabhagom P.O., Thadiyoor, Thiruvalla, Kerala - 689 545
Tel : 0469-2662094, 2661821, E-mail : kvk.Pathanamthitta@icar.gov.in, Website : www.kvkcard.org.

# ലോകമണ്ണ് ദിനം ആചരിച്ചു




മണ്ണ് ആരോഗ്യമുള്ളതായിരിക്കാൻ ഉചിതമായ അളവിൽ ഓരോ പ്രദേശത്തിനും വിളകൾക്കും അനുയോജ്യമായ പോഷക മൂലകങ്ങളുടെ ലഭ്യത ഉറപ്പാക്കുക എന്ന ആഹ്വാനത്തോടെ കെവികെ ലോക മണ്ണ് ദിനം ആചരിച്ചു. കല്ലൂപ്പാറ ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടെ നടന്ന പരിപാടി ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡന്റ് ശ്രീ.എം.ജെ. ചെറിയാൻ ഉദ്ഘാടനം ചെയ്തു.പരിപാടിയോട് അനുബന്ധിച്ച് മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള ശാസ്ത്രീയവും സംയോജിതവുമായ വളപ്രയോഗ രീതികൾ അവലംബിക്കുന്നതിന് സഹായകമായ മണ്ണ് പരിപോഷണ കാർഡുകൾ കർഷകർക്ക് വിതരണം ചെയ്തു. മണ്ണിന്റെ ആരോഗ്യം സുസ്ഥിരമായി കൈകാര്യം ചെയ്യാത്ത പക്ഷം ഓരോ വിളവെടുപ്പിന് ശേഷവും മണ്ണിന്റെ ഫലഭൂയിഷ്ടത ക്രമേണ നഷ്ടപ്പെടുകയും വിളകൾ പോഷക മൂലകങ്ങളുടെ അഭാവ ലക്ഷണങ്ങൾ പ്രകടിപ്പിക്കുകയും ചെയ്യും. അതുകൊണ്ടുതന്നെ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ പോഷക ഇതര അഭാവങ്ങൾ മനസ്സിലാക്കി അതിന്റെ ആരോഗ്യം കാത്തുസൂക്ഷിക്കേണ്ടത് ആവശ്യമാണെന്ന് കെവികെ മേധാവിയും സീനിയർ സയന്റിസ്റ്റുമായ ഡോ.സി പി റോബർട്ട് മുഖ്യപ്രഭാഷണത്തിൽ കൂട്ടിച്ചേർത്തു. 'വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയും സാധ്യതകളും' എന്ന വിഷയത്തിൽ കൃഷി വിജ്ഞാനകേന്ദ്രം ഫാം മാനേജർ ശ്രീമതി അമ്പിളി വറുഗീസ് പരിശീലനത്തിന് നേതൃത്വം നൽകി. കർഷകർക്കായി സാങ്കേതിക ഉത്പന്നങ്ങളുടെ പ്രദർശനവും വിപണിയും സംഘടിപ്പിച്ചു.

## KARSHAKA DINAM" CELEBRATION



To mark the occasion of Chingam 1, the first month of the Malayalam calendar and the beginning of Malayalam New Year, KVK organised Karshaka dinam on 17th August 2022 at Kadamanitta in collaboration with Development Department, Mar Thoma church. The programme was presided over by Rev. Moncy Varughese, Director , CARD. Dr. C.P Robert, Senior Scientist and head, KVK, Pathanamthitta delivered the Keynote address. On the occasion four farmers namely Sri. Somarajan K.T, Sri. O.M Mathai, Sri. T.N Viswanathan, Sri. T.N Mathai were honoured for their contribution towards agriculture development. On the occasion training on the topic " Homestead vegetable cultivation and different Govt. schemes in agriculture" and exhibition on Technological products of KVK were also conducted.

## FARMER'S COLUMN

### നഴ്സറി രംഗത്ത് വിജയം കൈവരിച്ച 'ആര്യ' സംരംഭക

**സുജ എസ് വി.**




കേന്ദ്രസർക്കാരിന്റെ 'ആര്യ' പദ്ധതിയുടെ ഭാഗമായി വിജയം കൈവരിച്ച യുവസംരംഭക ആണ് അടൂർ പുതുശ്ശേരി ഭാഗം സ്വദേശിയായ ശ്രീമതി സുജ എസ് വി. ഫൈനാൻസ് മേഖലയിലെ ജോലി വിരസമായപ്പോൾ അതിനോട് വിട പറഞ്ഞ സുജ ഇന്ന് "അശ്വതി ഗാർഡൻസ്" എന്ന നഴ്സറിയുടെ ഉടമയായി ഈ രംഗത്ത് സജീവ സാന്നിധ്യമാണ്. നഴ്സറി വിജയകരമായി നടത്താൻ സുജയ്ക്ക് സഹായമായത് കെവികെയുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതിയിലെ ഒരുവർഷം നീണ്ട നഴ്സറി പരിപാലനം എന്ന വിഷയത്തിൽ ലഭിച്ച നൈപുണ്യവികസന പരിശീലനമാണ്. പരിശീലനത്തോടൊപ്പം നഴ്സറിക്ക് ആവശ്യമായ ഉപകരണങ്ങളും പദ്ധതിയിൽ നിന്ന് ലഭിച്ചത് ഇവരുടെ പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടായി. മലയാളികൾ കൃഷിയിലേക്ക് തിരിയുക വഴി കാർഷിക മേഖലയിൽ മികച്ച വളർച്ച നേടിയ കാലമാണ് കോവിഡ് കാലഘട്ടം. അശ്വതി ഗാർഡൻസിനും ഇത് ഒരു സുവർണകാലഘട്ടം ആയിരുന്നു. മികച്ച രീതിയിലുള്ള തൈകളുടെ വിപണനം ഇവർക്ക് സാധ്യമാവുകയും ഉയർന്ന വരുമാനം കൈവരിക്കാനാവുകയും ചെയ്തു. വിവിധ തരം അലങ്കാരചെടികൾ (റോസ്, യൂജിനിയ, അരേലിയ, തെറ്റി തുടങ്ങിയവ), ബഡ്ഡിങ് വിധേയമായ ഫലവൃക്ഷതൈകൾ (മാവ്, പ്ലാവ്, മാങ്കോസ്റ്റീൻ നാരകം തുടങ്ങിയവ) എന്നിവയുടെ വിപുലമായ ശേഖരം 50 സെന്റ് സ്ഥലത്ത് വ്യാപിച്ചുകിടക്കുന്ന ഈ നഴ്സറിയിൽ ഉണ്ട്. ഗുണമേന്മയുള്ള തൈകൾ ലഭ്യമാക്കുന്നതിനാൽ ദൂരെ നിന്നുപോലും ആവശ്യക്കാർ ഇവിടെയെത്താറുണ്ട്. ഫലവൃക്ഷ തൈകളുടെയും അലങ്കാര ചെടികളുടെയും വിപണനം കൂടാതെ പ്രതിവർഷം ഏകദേശം അറുപതിനായിരത്തോളം റബ്ബർ തൈകളും ബഡ് ചെയ്തു ഈ നഴ്സറിയിൽ വിപണനം നടത്താറുണ്ട്. നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കുന്ന യുവസംരംഭകയ്ക്ക് പ്രതിമാസം 50000 രൂപ വരെ വരുമാനം ഉണ്ടാക്കാൻ സാധിക്കുന്നു. തന്നോടൊപ്പം ആര്യ പദ്ധതിയിൽ പരിശീലനം നേടിയ മറ്റ് യുവസംരംഭകർക്കും വിപണനത്തിനാവശ്യമായ കൈത്താങ്ങ നൽകുന്നതിനും സുജയ്ക്ക് സാധിക്കുന്നുണ്ട്. കെ വി കെ യുടെ വിദഗ്ധ സംഘത്തിന്റെ സാങ്കേതിക സഹായത്തോടൊപ്പം കുടുംബത്തിന്റെ സഹകരണവും കരുതലും ഈ യുവതിയുടെ വിജയത്തിന്റെ രഹസ്യമാണ്



Swachhta special campaign 2.0 - 3rd to 26th October 2022



Celebration of 75th year of Independance

Printed @ J.J. Graphic, Plankamon

Printed and Published by : Dr. C.P. Robert, Senior Scientist & Head, Editors : Dr.Sindhu Sadanandan & Ms.Gayathri S.